LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.-യും നാട്ടുകാരും സമ്മതിക്കില്ല. പുതിയതായിട്ട് കൊടുക്കാനുള്ള സാമ്പത്തിക സാഹചര്യം ഇന്നില്ല. അതുകൊണ്ട് വ്യാപകമായിട്ട് കൊടുക്കാൻ സാധിക്കില്ല. ഗവൺമെന്റിന്റെ ഏറ്റവും പ്രധാനമായ ബുദ്ധിമുട്ട് എന്നുപറയുന്നത്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് പ്ലസ് ടു അദ്ധ്യാപകൻമാർക്ക് ശമ്പളം കൊടുക്കാൻ ബാക്കിയായിരുന്നു. രണ്ട്, മൂന്ന് വർഷക്കാലം അവർക്ക് ശമ്പളം കൊടുക്കാൻ ബാക്കിയുണ്ടായിരുന്നതുകൊണ്ട് വളരെ വലിയ ബാദ്ധ്യത ഗവൺമെന്റിന് ഏറ്റെടുക്കേണ്ടി വന്നു. അതാണ് പ്രശ്നമുണ്ടായത്. ആ പ്രശ്നമില്ലായിരുന്നെങ്കിൽ നമുക്ക് കുറേയൊക്കെ ചെയ്യാമായിരുന്നു. അതിന്റെ ഫലമായി വന്ന വമ്പിച്ച തോതിലുള്ള സാമ്പത്തിക ബാദ്ധ്യത വലിയ പ്രശ്നമായി. അതിനുശേഷം ഈ ഗവൺമെന്റ് വന്ന സമയത്തായിരുന്നു ലാബ് അറ്റൻഡർമാരുടെ പ്രശ്നം. ആ പ്രശ്നം കൂടി പരിഹരിച്ചപ്പോഴേയ്ക്കും വേറെയൊരു 40 കോടി രൂപയുടെ ബാദ്ധ്യതയുമായി. സാമ്പത്തികമായ സാഹചര്യം മെച്ചപ്പെടുന്ന മുറയ്ക്കേ നമുക്ക് പുതിയതായിട്ട് എയിഡഡ് സ്കൂളുകൾ കൊടുക്കാൻ സാധിക്കൂ. അങ്ങനെ ചെയ്യുന്ന സമയത്ത് ഞാൻ നേരത്തെ പറഞ്ഞ പ്രാദേശികമായ അസന്തുലിതാവസ്ഥ നോക്കിയിട്ട് പരിഹാരമുണ്ടാക്കാം.

സ്കൂളുകൾക്ക് കമ്പ്യൂട്ടറും, അദ്ധ്യാപകരുടെ കമ്പ്യൂട്ടർ പരിശീലനവും

*2 [106] *ശ്രീ. കെ. ബി. ഗണേഷ് കുമാർ:*

„ *ഷിബു ബേബിജോൺ:*

„ *ടി. എം. ജേക്കബ്:*

„ *ജോണി നെല്ലൂർ:*

„ *ആർ. ബാലകൃഷ്ണപിള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) 10-ാം ക്ലാസ്സിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയ സാഹചര്യത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള അടിസ്ഥാന യോഗ്യതയിൽ കമ്പ്യൂട്ടർ പരിജ്ഞാനംകൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിൽ ഉണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ,

(എ) ഹൈസ്കൂൾ ക്ളാസ്സുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയ സാഹചര്യത്തിൽ ഹൈസ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകുന്നതിനാണ് ഗവൺമെന്റ്

മുൻഗണന നൽകിയിട്ടുള്ളത്. എയിഡഡ് ഹൈസ്കൂളുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട മാനേജർമാരുടേതാണ്. സർക്കാർ ഹൈസ്കൂളുകളിലാണ് ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടറുകൾ നൽകിയിരുന്നത്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന ലഭിച്ച ഫണ്ടും ഈ ആവശ്യത്തിന് ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായവും ഹൈസ്കൂളുകളിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് ഉപകരിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പ് മുഖേന കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിച്ചിരുന്നു.

(ബി) 31-3-2005 വരെ 34187 ഹൈസ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഈ സ്കൂൾ വർഷം അദ്ധ്യാപകർക്കുള്ള പരിശീലനം ലിനക്സ് സ്വതന്ത്ര സോഫ്റ്റ്വെയറിൽ ആരംഭിച്ചുകഴിഞ്ഞു. ഇതുവരെ 7721 അദ്ധ്യാപകർക്ക് ഐ.എച്ച്.ആർ.ഡി.യിൽ നിന്നും 200 മാസ്റ്റർ ട്രെയിനർമാർ മുഖേന പരിശീലനം നൽകിക്കഴിഞ്ഞു. പ്രത്യേകം തയ്യാറാക്കിയ ഷെഡ്യൂൾ പ്രകാരം 20,000 അദ്ധ്യാപകർക്ക് സ്വതന്ത്ര സോഫ്റ്റ്വെയറിൽ പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

ശ്രീ. കെ. ബി. ഗണേഷ്കുമാർ: എയിഡഡ് സ്കൂളുകളിൽ, പ്രൈവറ്റ് മാനേജുമെന്റിന്റെ സ്കൂളുകളിൽ ഭരണഘടന പറയുന്ന സാമുദായിക സംവരണം പോലും കൊടുക്കാത്ത സ്കൂളുകൾക്ക് കമ്പ്യൂട്ടർ കൊടുക്കണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ കേരളത്തിലെ പല ഗവൺമെന്റ് സ്കൂളുകളിലും കമ്പ്യൂട്ടർ എത്തി എന്നാണ് അങ്ങ് മറുപടി പറഞ്ഞിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലും സമീപപ്രദേശത്തെ മണ്ഡലങ്ങളിലും ഗവൺമെന്റ് സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അല്ലെങ്കിൽ ഹയർ സെക്കന്ററി വകുപ്പിൽ നിന്നും കമ്പ്യൂട്ടർ കൊടുത്തതായി കാണുന്നില്ല. അങ്ങ് പറഞ്ഞു, എം.എൽ.എ.-മാരുടെയും എം.പി.-മാരുടെയും ഫണ്ടിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങി കൊടുക്കുന്നു എന്ന്. അതൊക്കെ അംഗീകരിക്കാം. പല ഗവൺമെന്റ് സ്കൂളുകളിലും കഴിഞ്ഞ വർഷം നടന്ന എസ്.എസ്.എൽ.സി. പരീക്ഷ നടത്താൻ വേണ്ടി കമ്പ്യൂട്ടർ വാടകയ്ക്ക് എടുത്തുകൊണ്ടുവരികയും, പത്ത്, പതിനഞ്ച് വർഷങ്ങളായി സർക്കാർ സ്കൂളുകളിലെ വൈദ്യുതി ചാർജ് അടയ്ക്കാത്തതുമൂലം ഇലക്ട്രിസിറ്റി ബോർഡ് വൈദ്യുതി വിച്ഛേദിക്കുകയും ചെയ്ത സാഹചര്യത്തിൽ വൈദ്യുതി ഇല്ലാത്ത സ്കൂളുകളിൽ അത് എത്തിക്കാൻ ശ്രമിക്കാതെ പി.ടി.എ. യുടെയും പ്രിൻസിപ്പളിന്റെയും ചുമതലയിൽ അടുത്ത വീടുകളിൽ നിന്നും വൈദ്യുതി എടുത്ത് പരീക്ഷ നടത്തേണ്ട ഒരു ഗതികേടുണ്ടായിരുന്നു. ഇത് പരിഹരിച്ചു എന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ല. പക്ഷേ എത്രയും വേഗം ഇത് പരിഹരിക്കുന്നതിന് ഹയർ സെക്കന്ററി വകുപ്പിൽ നിന്നുതന്നെ കമ്പ്യൂട്ടറുകൾ നൽകുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനങ്ങളൊരുക്കണം. ഇത് സൂക്ഷിക്കുന്നതിനും മറ്റുമുള്ള മുറി സജ്ജീകരിക്കാനുള്ള ഹണ്ട് ബഡ്ജറ്റിലുണ്ടെന്നാണ് പറയുന്നത്. അത് പ്രായോഗികതലത്തിൽ വന്നിട്ടില്ല എന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിന് അങ്ങയുടെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടിയുണ്ടോ എന്നറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കമ്പ്യൂട്ടറിനെ സംബന്ധിച്ചിടത്തോളം കണക്കുകൾ വിശദീകരിക്കേണ്ടതില്ല. ശ്രീ. ഗണേഷ്കുമാർ പറഞ്ഞത് പ്രകാരമാണെങ്കിൽ അതിന്റെ കണക്ക്, പത്തനംതിട്ടയിൽ total number of schools with Computer 168 ആണ്. ആകെ 168 സ്കൂളുകളാണുള്ളത്. കമ്പ്യൂട്ടറിന്റെ എണ്ണത്തിന്റെ കാര്യം, 1 to 4 – 14, 5-ൽ –74, 6 to 10 – 72 , അങ്ങനെ അതിന്റെ കണക്ക് പോവുകയാണ്. മുഴുവൻ എടുത്തു പറയുന്നില്ല. ഗവൺമെന്റിന് ഇപ്പോൾ ഒരു പദ്ധതിയുണ്ട്. ഗവൺമെന്റിന്റെ പുതിയ സ്കീം പ്രകാരം കൂടുതൽ കമ്പ്യൂട്ടറുകൾ എത്തിക്കാൻ വേണ്ടിയുള്ള പദ്ധതിയാണ്. നമ്മുടെ കണക്ക് പ്രകാരം ഗവൺമെന്റ് ഈ വർഷം തന്നെ 2.87 കോടി രൂപ അനുവദിച്ച് കെൽട്രോൺ മുഖേന അതിനുള്ള സംവിധാനം ചെയ്ത് സ്കൂളുകളിൽ എത്തിക്കുന്നതാണ്. അത് എത്തിക്കുന്ന സമയത്ത് ഇതിന്റെ കണക്ക് നോക്കി ഏത് സ്കൂളിലാണോ കമ്പ്യൂട്ടർ കുറവുള്ളത് ആ സ്കൂളുകൾക്ക് അനുവദിക്കുന്നതാണ്. മറ്റൊരു കാര്യം നമ്മുടെ മുൻപിൽ ഇപ്പോൾ വന്നിട്ടുള്ളത്, ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഐ.സി.റ്റി. എന്നൊരു പ്രോജക്റ്റുണ്ട്. നമ്മൾ അതിൽ പ്രതീക്ഷിക്കുന്നത് 120 കോടി രൂപയാണ്. അവർ ഒരു പ്രൊപ്പോസൽ ചോദിച്ചു, നമ്മൾ ആ പ്രൊപ്പോസൽ കൊടുത്തിരിക്കുകയാണ്. ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഐ.സി.റ്റി. പ്രോജക്റ്റ് കൂടി അംഗീകരിച്ചു കിട്ടുകയാണെങ്കിൽ എല്ലാ പ്രശ്നങ്ങളും നമുക്ക് തീർക്കാൻ സാധിക്കും. അങ്ങനെ കൊടുക്കുന്ന സമയത്ത് ശ്രീ. ഗണേഷ്കുമാർ പറഞ്ഞതുപോലെ കമ്പ്യൂട്ടറിന്റെ വിതരണത്തിൽ കുറവുള്ള സ്ഥലത്ത് പ്രത്യേകം നോക്കി അതിനാവശ്യമായ കാര്യം ചെയ്യാം.

ശ്രീ. കെ. ബി. ഗണേഷ്കുമാർ: എട്ടാം ക്ലാസിലെ ഐ.റ്റി. പുസ്തകമാണ് എന്റെ കയ്യിലുള്ളത്. ഇത്രയും വലിയ പുസ്തകമുണ്ടായിട്ടും സ്കൂൾ തുടങ്ങുമ്പോൾ കമ്പ്യൂട്ടറില്ല എന്നുപറയുന്നത് ദുഃഖകരമാണ്. അതുപോലെ പ്രധാനപ്പെട്ട വിഷയം, കമ്പ്യൂട്ടർ വാങ്ങുന്നതിന് പ്രത്യേകിച്ച് ഒരു മാനദണ്ഡവും ഇന്നില്ല. എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഉപയോഗിച്ച് ദുരുപയോഗം തന്നെ നടക്കുന്നുണ്ട്. ഉദാഹരണമായി, 2003-04-ൽ കൊല്ലം കളക്ടർ എനിക്ക് അയച്ച ഒരു കത്തുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത്, ഒരു കമ്പ്യൂട്ടറിന് 40,000 രൂപ വിലയുണ്ടെന്നാണ്. ഞാൻ 20 കമ്പ്യൂട്ടറുകൾ സ്കൂളുകൾക്ക് അനുവദിക്കാൻ 25,000 രൂപ വച്ചാണ് കൊടുത്തത്. എനിക്ക് വന്ന മറുപടിയാണ് ഒരു കമ്പ്യൂട്ടറിന് 40,000 രൂപ വിലയുണ്ടെന്ന്. കമ്പ്യൂട്ടറുകൾ വാങ്ങണമെങ്കിൽ പണം തികയില്ല എന്നുപറഞ്ഞതുകൊണ്ട് പിന്നീട് ഞാൻ തന്നെ സർക്കാരിന്റെ സ്ഥാപനമായ കെൽട്രോണുമായി സംസാരിച്ച് 20,000 രൂപയ്ക്ക് ആ വർഷം കമ്പ്യൂട്ടർ വാങ്ങി. 20 സ്കൂളുകൾക്ക് കൊടുക്കുകയും ചെയ്തു. ഈ വർഷം 19,000

LIBRARY ARCHIVES Kerala Legislative Assembly

രൂപയ്ക്ക് കെൽട്രോണിൽ നിന്ന് തന്നെ വാങ്ങാൻ കഴിഞ്ഞു. എം.എൽ.എ. മാരും എം.പി.മാരും നൽകുന്ന കോടിക്കണക്കിന് രൂപ ഈ രംഗത്ത് വേസ്റ്റാക്കുകയാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഇന്ന് 30,000 രൂപയിൽ കൂടുതൽ കമ്പ്യൂട്ടറിന് ഇല്ലെന്ന് അങ്ങേയ്ക്കുമറിയാം. കമ്പ്യൂട്ടറിനെപ്പറ്റി നന്നായി അറിയാവുന്ന ആളാണ്. 40,000 രൂപ എന്നാണ് പറഞ്ഞിരിക്കുന്നത്. റേറ്റ് കോൺട്രാക്റ്റ് എന്നാണ് പറഞ്ഞിരിക്കുന്നത്. കോടിക്കണക്കിന് രൂപ ഈ രംഗത്ത് നഷ്ടം വരുമ്പോൾ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഒരു ഗൈഡ്ലൈൻ എം.എൽ.എ. മാർക്കും അതുപോലെ തന്നെ ഇത് പർച്ചേസ് ചെയ്യുന്ന കളക്ടർമാർക്കും കൊടുക്കാൻ വേണ്ടി എന്തെങ്കിലുമൊരു സംവിധാനം ആരംഭിച്ച് ടെന്റർ ചെയ്ത് ഒരു പ്രത്യേക റേറ്റ് തീരുമാനിക്കാൻ കഴിയുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: തീർച്ചയായിട്ടും കഴിയും. അത് ചെയ്യേണ്ടതാണ്. നമ്മൾ നേരത്തെ ഒരു ഗൈഡ്ലൈൻ ഇറക്കിയിരുന്നു. കെൽട്രോൺ പോലുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തിൽ നിന്നാണ് പർച്ചേസ് ചെയ്തിരുന്നത്. ഗവൺമെന്റ് എല്ലാ കാര്യങ്ങളും സ്പെസിഫൈ ചെയ്തുകൊണ്ട് ശ്രീ. ഗണേഷ്കുമാർ ഇവിടെ പറഞ്ഞതുപോലെ കഴിയാവുന്നത്ര വില കുറച്ച് നല്ല കമ്പ്യൂട്ടറുകൾ വാങ്ങിക്കൊടുക്കുക എന്നുള്ളതാണ് നമ്മുടെ ഉദ്ദേശം. നേരത്തെ ഒരു ഗൈഡ്ലൈൻ കൊടുത്തിട്ടുണ്ട്. ഇതിന് പറ്റുന്ന വിധത്തിൽ കൊടുത്തിട്ടുള്ള ഗൈഡ്ലൈനിൽ എന്ത് മാറ്റമാണ് വരുത്തേണ്ടത് എന്ന് നോക്കിയിട്ട് പുതുക്കിയ ഗൈഡ്ലൈൻ ഗവൺമെന്റ് കൊടുക്കുന്നതാണ്.

ശ്രീ. ഷിബു ബേബിജോൺ: സർ, വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ വളരെ വ്യക്തതയോടുകൂടി കണ്ടു മനസ്സിലാക്കുന്ന ഒരു മന്ത്രിയാണ് ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ എന്നകാര്യത്തിൽ സംശയമില്ല. ഇതിൽ കിട്ടിയ മറുപടി നിർഭാഗ്യകരമാണ്. കമ്പ്യൂട്ടർ പഠനത്തെക്കുറിച്ച് ഗവൺമെന്റിന് ഒരു ക്ലാരിറ്റിയുണ്ടോ? മുൻ കാലങ്ങളിൽ ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ തന്നെ പറഞ്ഞത് 25,000 കമ്പ്യൂട്ടറാണ് എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പ്രവർത്തിപ്പിക്കാൻ സാധിച്ചത് എന്നാണ്. ഏകദേശം 25 കുട്ടികൾക്ക് ഒരു കമ്പ്യൂട്ടർ എന്ന നിലയിൽ ഇവിടെ എട്ടാം ക്ലാസുമുതൽ നോക്കുകയാണെങ്കിൽ എത്ര കമ്പ്യൂട്ടറുകളാണ് കേരളത്തിലെ സ്കൂളുകൾക്ക് ആവശ്യം? അതിനുള്ള ഫണ്ട് എവിടെനിന്നാണ്? വാങ്ങി സെറ്റപ്പ് ചെയ്യാനും കറണ്ട് എടുക്കാനും അടക്കം കാശ് കണ്ടെത്താനും ആവശ്യമുണ്ട്. ഇതിന് ഒരു ടോട്ടൽ കോംപ്രഹെൻസീവ് പ്ലാൻ തയ്യാറാക്കണം. കേരളത്തിൽ എൽ.പി. സ്കൂളിൽ നിന്നു തുടങ്ങണമെന്നാണ് എന്റെ അഭിപ്രായം. ഇങ്ങനെ ഒരു കോംപ്രഹെൻസീവ് പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി കേരളത്തിലെ ഹൈസ്കൂൾ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി അത് ഗുണകരമാക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ശ്രീ. ഷിബു ബേബിജോണിന്റെ ചോദ്യത്തിനു മറുപടി പറഞ്ഞുകൊണ്ട് ഒരു കാര്യം ഞാൻ പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ താല്പര്യമെടുത്ത ഒരു പദ്ധതിയെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പിന്റെയും ഐ.ടി. വകുപ്പിന്റെയും എല്ലാം ഉദ്യോഗസ്ഥന്മാരെ വിളിച്ച് ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം കേരളത്തിലെ എല്ലാ സ്കൂളുകളിലും ഇന്നു നാം കാണുന്നതുപോലെ കമ്പ്യൂട്ടറിനെ പരിചയപ്പെടുത്തൽ മാത്രമല്ല എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം കൊടുക്കുന്ന സമഗ്രമായ ഒരു പദ്ധതിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തന്നെ ഞങ്ങൾ ചില പരിപാടികൾ ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ശ്രീ. ഷിബു ബേബിജോൺ പറഞ്ഞത് ശരിയാണ്. നമ്മൾ ഇപ്പോൾ കൊടുത്ത കമ്പ്യൂട്ടർ കൊണ്ട് തികയില്ല. മാത്രമല്ല ഇനി നമ്മൾ ഉദ്ദേശിക്കുന്ന കാര്യം ഇതുവരെ ചെയ്തത് കമ്പ്യൂട്ടർ പഠനമായിരുന്നെങ്കിൽ ഇനി കമ്പ്യൂട്ടർ എനേബിൾഡ് എഡ്യൂക്കേഷനിലേയ്ക്ക് പോവുകയാണ്. എല്ലാ വിഷയവും കമ്പ്യൂട്ടറിലൂടെ പഠിപ്പിക്കുന്ന സ്വഭാവത്തിലേയ്ക്ക് പോവുകയാണ്. അങ്ങനെ പോകുന്ന സമയത്ത് നമുക്ക് ഇതൊന്നും മതിയാവുകയില്ല. അതുകൊണ്ടാണ് നേരത്തെ പറഞ്ഞതുപോലെ ഐ.സി.ടി. പ്രോജക്ട് പ്രകാരം 120 കോടി രൂപയുടെ പദ്ധതി നമ്മൾ സമർപ്പിച്ചിട്ടുണ്ട്. അതുപ്രകാരം 5 വർഷത്തിനുള്ളിൽ 23,000 കമ്പ്യൂട്ടർ നമുക്ക് ഹൈസ്കൂൾ അതുപോലെ തന്നെ പ്ലസ് 2 അതുപോലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയ്ക്ക് കൊടുക്കാൻ സാധിക്കും. അതിനു പുറമെ ഞാൻ നേരത്തെ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇപ്പോൾ നടന്നു വരുന്ന പരിശ്രമത്തിന്റെ ഫലമായി കേരളത്തിലെ എല്ലാ സ്കൂളുകളിലും ആവശ്യമായ കമ്പ്യൂട്ടർ എത്തിക്കാൻവേണ്ടി ഒരു പദ്ധതിക്ക് ഞങ്ങൾ രൂപം നൽകിവരികയാണ്.

ശ്രീ. ഷിബു ബേബിജോൺ: സർ, കമ്പ്യൂട്ടർ എഡ്യൂക്കേഷനിലെ ഏറ്റവും വലിയ അപാകത സ്പോക്കൺ ഇംഗ്ലീഷിലുള്ള പരിജ്ഞാന കുറവാണ്. ഇവിടെ അദ്ധ്യാപകർക്ക് ട്രെയിനിംഗ് കൊടുത്തതായിട്ട് അങ്ങ് പറഞ്ഞു. പലപ്പോഴും ഞങ്ങളുടെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടർ വാങ്ങി ഉദ്ഘാടനത്തിന് ചെല്ലുമ്പോൾ അതിൽ എഴുതിയിരിക്കുന്ന അക്ഷരങ്ങളിൽപ്പോലും സ്പെല്ലിംഗ് മിസ്റ്റേക്ക് കാണുന്നു. വെൽക്കം എന്ന വാക്കിന്റെ സ്പെല്ലിംഗ് മിസ്റ്റേക്കാണ് പലപ്പോഴും കാണുന്നത്. അതുകൊണ്ട് അദ്ധ്യാപകർക്കടക്കം കുട്ടികൾക്കും സ്പോക്കൺ ഇംഗ്ലീഷ് ആവശ്യമായിട്ടുള്ള ആ ഇംഗ്ലീഷിലെ പരിജ്ഞാനം പൂർണ്ണതയിലേയ്ക്ക് എത്താനുള്ള ഏതെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നു ഉണ്ടാകുമോ; അത് ഉണ്ടായെങ്കിൽ മാത്രമെ ഇത് പ്രയോജനകരമാകൂ എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, പല പരിപാടികളും ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ചിലത് ഞങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവന്നു കഴിഞ്ഞു. ഈ പ്രാവശ്യം ഇംഗ്ലീഷിന്റെ റിസൾട്ട് മെച്ചപ്പെട്ടു. അതിനുകാരണം ഇംഗ്ലീഷിനുവേണ്ടി ഇംഗ്ലീഷ് അദ്ധ്യാപകന്മാരെ തന്നെ വയ്ക്കണമെന്നുള്ള തീരുമാനം ഗവൺമെന്റ് കണിശമായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

നിലനിർത്തി. അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ റിസൾട്ട് മെച്ചപ്പെട്ടു. ശ്രീ. ഷിബു ബേബിജോൺ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ ഏറ്റവും വലിയ പ്രശ്നം എന്നു പറയുന്നത് കമ്മ്യൂണിക്കേഷൻ സ്കില്ലാണ്. പ്രത്യേകിച്ചും ഇംഗ്ലീഷിന്റെ കാര്യത്തിൽ അത് നന്നാക്കി എടുക്കാൻവേണ്ടി ഞങ്ങൾ ആലോചിക്കുന്ന കാര്യം എന്നു പറയുന്നത് ഒന്നാമത്തെ കാര്യം ലാംഗ്വേജ് ലാബുകൾ സജ്ജമാക്കുകയാണ്. ഓരോ ജില്ലയിലും പ്രത്യേകിച്ച് ഇംഗ്ലീഷ് ഭാഷയുടെ ഹെഡ്ക്വാർട്ടേഴ്സ് ആയിട്ടുള്ള കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിപ്പിക്കുക എന്നിത്യാദി കാര്യങ്ങൾക്ക് ലാംഗ്വേജ് ലാബുകൾ ഉപയോഗപ്പെടുത്താൻ സാധിക്കും. അതുമാത്രമല്ല ഇപ്പോൾ നമുക്ക് എല്ലാം അറിയാവുന്ന എഡ്യൂക്കേഷൻ ടെക്നോളജി വന്നിച്ച തോതിൽ വികാസം പ്രാപിച്ചു വരികയാണ്. എഡ്യൂക്കേഷൻ ടെക്നോളജിയുടെ വികാസത്തിന്റെ ഭാഗമായി ഈ വിധത്തിലുള്ള സ്പോക്കൺ ഇംഗ്ലീഷ് കോഴ്സുകൾ നമ്മൾ പ്രത്യേകമായി സി.ഡി. കളിലാക്കി എത്തിക്കാൻ പോവുകയാണ്. മറ്റൊരു പ്രധാന കാര്യം ഞാൻ സഭയിൽ അറിയിക്കാൻ ആഗ്രഹിക്കുന്നത് എഡ്യൂസാറ്റ് ഒരു യാഥാർത്ഥ്യമാകാൻ പോവുകയാണ്. രാഷ്ട്രപതി വരുന്നതോടുകൂടി എഡ്യൂസാറ്റ് നമുക്കിടയിൽ പ്രവർത്തി പഥത്തിൽ വരികയാണ്. അതു വരുന്നതോടുകൂടി നമ്മൾ അദ്ധ്യാപക പരിശീലനത്തിനും കുട്ടികൾക്കൊക്കെത്തന്നെ വ്യാപകമായ തോതിൽ എഡ്യൂസാറ്റ് ഉപയോഗിച്ചുകൊണ്ട് കാര്യങ്ങൾ എത്തിക്കാൻ പോവുകയാണ്. അതിലും നമ്മുടെ പ്രധാനമായ ലക്ഷ്യം എന്നു പറയുന്നത് കമ്മ്യൂണിക്കേഷൻ സ്കിൽ, ടീച്ചേഴ്സ് ട്രെയിനിംഗ് എന്നിത്യാദി കാര്യങ്ങൾക്ക് എഡ്യൂസാറ്റ് ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്. അങ്ങനെ അദ്ദേഹം പറഞ്ഞതുപോലെ ബഹുമുഖമായ പ്രവർത്തനത്തിലൂടെ സ്പോക്കൺ ഇംഗ്ലീഷിന്റെ കാര്യം സജീവമാക്കി എടുക്കുക എന്നുള്ളതു തന്നെയാണ് ഗവൺമെന്റ് നിലപാട്. ഗവൺമെൻറ് വളരെ മുൻഗണന കൊടുക്കുന്ന ഒരു ഏരിയയാണെന്നു പറയാനും ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ തവണത്തെ എസ്.എസ്.എൽ.സി. പരീക്ഷയിൽ കമ്പ്യൂട്ടർ എക്സാമിനേഷനുമായി ബന്ധപ്പെട്ട് കുറെയേറെ ആക്ഷേപങ്ങൾ ഉണ്ടായി. അത് അടുത്ത വർഷത്തേതിൽ പരിഹരിക്കാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ കൊല്ലം ചെറിയ പരാതികളുണ്ടായി. പക്ഷേ 5 ലക്ഷം കുട്ടികൾ കേരളത്തിലെ മുഴുവൻ സ്കൂളുകളിലും കമ്പ്യൂട്ടർ പരീക്ഷ എഴുതി. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കമ്പ്യൂട്ടറിന്റെ പ്രായോഗികമായ പരീക്ഷ സ്കൂളുകളിൽ ഏർപ്പെടുത്തുന്നത്. പക്ഷേ പരാതികൾ വളരെ നിസ്സാരമായിരുന്നു. ഞങ്ങൾക്ക് തന്നെ ലഭിച്ച പരാതി, ഡി.പി.ഐ. ലെവലിലേയ്ക്ക് ലഭിച്ച പരാതി 10–15 എണ്ണം ലഭിച്ചു. അത് ഞങ്ങൾ പരിഹരിച്ചു. എല്ലാം നീറ്റായിട്ട് നടന്നു. അതുകൊണ്ട് ഇനി അടുത്ത പ്രാവശ്യം നമ്മൾ സോഫ്റ്റ് എക്സാം എന്നുള്ള നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

എൻ.ഐ.സി. യെ കൊണ്ട് സോഫ്റ്റ്വെയർ ഡെവലപ് ചെയ്യിക്കുകയാണ്. അതുകൂടി വരുന്നതോടുകൂടി അടുത്ത പ്രാവശ്യം നമുക്ക് ഈ കൊല്ലത്തെ എക്സ്പീരിയൻസ് കൂടി എടുത്തുകൊണ്ട് അടുത്ത പ്രാവശ്യം എസ്.എസ്.എൽ.സി. എക്സാമിനേഷന് നമ്മൾ മാർക്ക് കൂട്ടാൻവേണ്ടി പോവുകയാണ്. ഈ പ്രാവശ്യം 5 മാർക്ക് മാത്രമെ ഏർപ്പെടുത്തിയിരുന്നുള്ളു. അത് നമ്മൾ അടുത്ത പ്രാവശ്യം മുതൽ കൂട്ടാൻവേണ്ടി പോവുകയാണ്. അത് കൊടുക്കുന്ന സമയത്ത് പൊതുമേഖലാസ്ഥാപനങ്ങളെക്കൊണ്ട് തന്നെ പുതിയ സോഫ്റ്റ് വെയർ ഉണ്ടാക്കിക്കാൻ വേണ്ടിയുള്ള കാര്യമാണ് ചെയ്യുന്നത്. അടുത്ത എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എൻ.ഐ.സി. ഡെവലപ് ചെയ്തു എടുക്കുന്ന സോഫ്ട് വെയറാണ് ഉപയോഗിക്കാൻ പോകുന്നത്.

ശ്രീ. ടി. എം. ജേക്കബ്: സർ, മന്ത്രി ഇവിടെ ആദ്യം മറുപടി പറഞ്ഞ കൂട്ടത്തിൽ എയിഡഡ് സ്കൂളുകളിൽ നിർബന്ധമായിട്ടും മാനേജുമെന്റുകൾ കമ്പ്യൂട്ടറുകൾ സ്ഥാപിക്കണമെന്നു പറഞ്ഞു. ഗവൺമെന്റു സ്കൂളുകളെ സംബന്ധിച്ചിടത്തോളം എൽ.പി. മുതൽ കമ്പ്യൂട്ടർ പരിജ്ഞാനം ആവശ്യമാണ്. ഈ പശ്ചാത്തലത്തിൽ നേരത്തെ 1980 വരെ ഗവൺമെന്റ് ചെയ്തിരുന്നത്, ഫർണിച്ചർ സെൻട്രലൈസ്ഡ് പർച്ചേഴ്സ് നടത്തി ഡിസ്ട്രിബ്യൂട്ട് ചെയ്യുകയായിരുന്നു. അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് ഞാൻ കൂടി മന്ത്രിയായിരുന്ന സമയമായിരുന്നു. അന്ന് പി..ടി.എ. യെ ഈ ഫർണിച്ചർ വാങ്ങാൻ വേണ്ടി നമ്മൾ ചുമതലപ്പെടുത്തി എന്നു പറഞ്ഞതുപോലെ ഗവൺമെന്റു സ്കൂളുകൾ കുട്ടികളിൽ നിന്നു വാങ്ങുന്ന സ്പെഷ്യൽ ഫീയിൽ നിന്നു എല്ലാ സ്കൂളുകളിലേക്കും കമ്പ്യൂട്ടർ വാങ്ങാനുള്ള അനുവാദം കൊടുത്താൽ പി.ടി.എ. തന്നെ അത് ചെയ്യുന്ന സാഹചര്യം വരും. അപ്പോൾ ഇവിടെ ഉന്നയിച്ചതുപോലെ കളക്ടർമാർ ഉണ്ടാക്കുന്ന ഈ പ്രശ്നങ്ങളും അവരുടെ ഭാഗത്തു നിന്നുണ്ടാകുന്ന വിലകൂടിയ സാധനം വാങ്ങി കൊടുക്കുന്ന ഏർപ്പാടും അവസാനിപ്പിച്ച് എല്ലാ സ്കൂളുകൾക്കും കമ്പ്യൂട്ടർ കിട്ടാനുള്ള സൗകര്യം ഉണ്ടാകുമെന്നുള്ളതുകൊണ്ട് ഗവൺമെൻറ് ഇക്കാര്യം പരിഗണിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, പി.ടി.എ.-കൾ മുഖേന നല്ല റെസ്പോൺസാണുള്ളത്. ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അതിൽ ഒരു കണക്ക് എന്നു പറയുന്നത് കേരളത്തിൽ ഗവൺമെന്റ് തലത്തിൽ 3,362 കമ്പ്യൂട്ടറുകളും എം.പി. ഫണ്ട് മുഖേന 4,590 കമ്പ്യൂട്ടറുകളും, പി.ടി.എ). മുഖേന 7,379 കമ്പ്യൂട്ടറുകളും, പി.ടി.എ. മുഖേന സ്കൂളുകളിൽ വിതരണം ചെയ്തത് നല്ലൊരു കാര്യമാണ്. ശ്രീ. ജേക്കബ് പറഞ്ഞ കാര്യംകൂടി നോക്കാം. അതുംകൂടി നോക്കി എനേബ്ലിംഗ് ആയ ഒരു പ്രൊവിഷൻ കൊടുക്കാൻ പറ്റുമോയെന്ന കാര്യം പരിശോധിക്കാം.

മി. സ്പീക്കർ: ഒരു കാര്യം കൂടി അദ്ദേഹം പറഞ്ഞു. സ്പെഷ്യൽ ഫീസിൽനിന്നു കമ്പ്യൂട്ടർ വാങ്ങിക്കൂടെ. സ്പെഷ്യൽ ഫീസ് ഫണ്ട് പെരുപ്പിച്ച് പെരുപ്പിച്ച് നിൽക്കുകയാണ്. അത് ചെലവഴിക്കാതെ കിടക്കുകയാണ്. അത് സ്പെൻഡ് ചെയ്തു കൂടെ എന്നാണ് ചോദിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അതിന് എനേബിളിംഗ് പ്രൊവിഷൻ കൊടുത്തുകൊണ്ട് ഉത്തരവ് ഇറക്കുന്ന കാര്യം പരിശോധിക്കാം.

ശ്രീ. ജോണി നെല്ലൂർ: സർ, അങ്ങ് മറുപടി പറഞ്ഞപ്പോൾ എഡ്യൂസാറ്റ് പദ്ധതി വിദ്യാഭ്യാസ രംഗത്ത് ആവിഷ്ക്കരിക്കുന്നതിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി. കമ്പ്യൂട്ടർ യുഗത്തിൽ നമ്മൾ മുന്നോട്ട് പോകുമ്പോൾ എഡ്യൂസാറ്റ് പദ്ധതി നമ്മുടെ സംസ്ഥാനത്ത് ഏതെല്ലാം സ്കൂളുകളിൽ ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് ആവശ്യമായ ധനസഹായം എവിടെ നിന്നെങ്കിലും ലഭിക്കുന്നുണ്ടോ; ഗവൺമെന്റ് സ്കൂളുകളിലെങ്കിലും നിർബന്ധമായി ഈ അദ്ധ്യയന വർഷം ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എഡ്യൂസാറ്റിനെ സംബന്ധിച്ച് നമ്മൾ വളരെ സജീവമായി നീങ്ങിക്കൊണ്ടിരിക്കുകയാണ്. എല്ലാ സ്കൂളുകളും ഒറ്റയടിക്ക് നമുക്ക് കവർ ചെയ്യാൻ പറ്റില്ല. എങ്കിൽപ്പോലും ആദ്യ ഘട്ടത്തിൽ നമ്മൾ ആഗ്രഹിക്കുന്നത് ടീച്ചേഴ്സ് ട്രെയിനിംഗ്; തെരഞ്ഞെടുക്കപ്പെട്ട ചില സ്കൂളുകളിൽ പ്രത്യേകിച്ചും റിമോട്ട് ഏരിയായിലെ സ്കൂളുകളിൽ ചെയ്യാം. അതുപോലെ തന്നെ തുടർച്ചയായ പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ പോകുന്നത്. ഏറ്റവും നല്ല വിജ്ഞാനം വിദൂര സ്ഥലങ്ങളിൽപ്പോലും എഡ്യൂസാറ്റ് ഉപയോഗിച്ച് കൊടുക്കാൻ കഴിയും. വിദ്യാഭ്യാസത്തിന്റെ കാര്യം മാത്രമല്ല ഒരുപാട് കാര്യങ്ങൾ വേറെയും ഉണ്ട്. അത് വിശദീകരിച്ചു പറയേണ്ട കാര്യമാണ്. ഏതായാലും ഗവൺമെന്റ് സ്കൂളുകളും പിന്നോക്ക പ്രദേശങ്ങളിലെ സ്കൂളുകളും വളരെ റിമോട്ട് ഏരിയായിലെ സ്കൂളുകളും ഇവർക്കൊക്കെ ഇത് പ്രയോജനപ്പെടുത്താൻ കഴിയും. ആ ഒരു ഭാവന വച്ചുകൊണ്ടാണ് ഞങ്ങൾ മുന്നോട്ട് പോകുന്നത്. ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ എഡ്യൂസാറ്റ് ഈ വിധത്തിൽ പലയിടത്തും പ്രയോജനപ്പെട്ടിട്ടുണ്ടെങ്കിലും ഈ വിധത്തിലുള്ള ഓപ്പറേഷൻ സിസ്റ്റത്തിലേക്ക് അത് പോകുന്നത് അതിന് മാതൃക കാണിക്കുന്നത് കേരളത്തിലാണ്. മറ്റു പല കാര്യങ്ങളിലും മാതൃക കാണിക്കുന്നതുപോലെ കേരളം എഡ്യൂസാറ്റിന്റെ കാര്യത്തിലും ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന ഒരു മാറ്റമാണ് വരാൻ പോകുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, കമ്പ്യൂട്ടറൈസേഷൻ വന്നതിനുശേഷം ഇപ്പോൾ കമ്പ്യൂട്ടർ എല്ലാ സ്ഥലത്തും എത്തി. അനുഭവത്തിൽ നിന്നു പറയുകയാണ്, എത്ര ട്രെയിനിംഗ് കൊടുത്തിട്ടും കമ്പ്യൂട്ടർ പഠിപ്പിക്കാനുള്ള അദ്ധ്യാപകരുടെ വാസന പൂർണ്ണമായും ഉപയോഗിക്കാൻ നമുക്ക് കഴിയുന്നില്ല. അതുകൊണ്ട് അദ്ധ്യാപകരുടെ എണ്ണം കൂട്ടാതെ, മേലിൽ വരുന്ന ഈ തസ്തികകളിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ എടുത്ത ആളുകളെ ഹൈസ്കൂളുകളിലോ ഹയർസെക്കണ്ടറി സ്കൂളുകളിലോ ഒരു തസ്തികയിൽ ഞാൻ പറഞ്ഞത് മൊത്തം എണ്ണം കൂട്ടാതെ, സ്റ്റാഫിന്റെ എണ്ണം കൂട്ടാതെ, പ്രൊപ്പോർഷൻ തെറ്റിക്കാതെ ഏതെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിച്ച് ഈ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രാവീണ്യമുള്ള ഒരു അദ്ധ്യാപകനെയെങ്കിലും—ഓരോ സ്കൂളുകളിലും നിയമിക്കുന്നതിനു തയ്യാറാകുമോ? രണ്ടാമത്തെ കാര്യം കമ്പ്യൂട്ടർ എല്ലാ സ്ഥലത്തും വന്നു. പക്ഷേ ചെന്ന പല സ്ഥലത്തും കമ്പ്യൂട്ടറുകൾ കൈകാര്യം ചെയ്തതിലെ തെറ്റുമൂലവും ക്ലൈമാറ്റിക് കണ്ടീഷന്റെ കുഴപ്പംമൂലവും കമ്പ്യൂട്ടറുകൾ തകരാറിലായി. ഇത് നന്നാക്കുന്നതിനെങ്കിലും നമ്മുടെ സ്പെഷ്യൽ ഫീസ് ഉപയോഗിക്കാൻ ഗവൺമെന്റ് അനുവാദം കൊടുക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ബഹുമാനപ്പെട്ട ശ്രീ. ബാലകൃഷ്ണ പിള്ള പറഞ്ഞതുപോലെ കമ്പ്യൂട്ടറിൽ ഡിഗ്രിയുള്ളവരെ വയ്ക്കുകയെന്നു പറയുന്നത് പ്രായോഗികമല്ല. കാരണം എന്താണെന്നുവച്ചാൽ ഇനിയുള്ള സമയം എന്നു പറയുന്നത് കമ്പ്യൂട്ടർ പഠിപ്പിക്കലല്ല. കമ്പ്യൂട്ടർ എല്ലാ തലങ്ങളിലേക്കും കൊണ്ടുവരികയാണ്. കമ്പ്യൂട്ടർ എനേബിൾഡ് എഡ്യൂക്കേഷനിൽ മലയാളം പഠിപ്പിക്കുന്ന അദ്ധ്യാപകനും സയൻസ് പഠിപ്പിക്കുന്ന അദ്ധ്യാപകനും എസ്.എസ്. പഠിപ്പിക്കുന്ന അദ്ധ്യാപകനുമൊക്കെതന്നെ കമ്പ്യൂട്ടറിലുള്ള വിജ്ഞാനം വേണം. അദ്ദേഹം പറഞ്ഞ ഒരു കാര്യം പരിഗണിക്കാൻ കഴിയുന്ന ഒരു സംഗതി, ഇനി ടീച്ചേഴ്സിനെ റിക്രൂട്ട് ചെയ്യുന്ന സമയത്ത് അതാണ് ഈ ചോദ്യത്തിനു മറുപടിയിൽ പറഞ്ഞത്. ടി.ടി.സി. ക്കും ബി.എഡ്ഡ്.-നും ക്വാളിഫിക്കേഷൻ പറയുന്നതുപോലെ ഇതിൽ നമ്മൾ ആഗ്രഹിക്കുന്ന ഒരു കാര്യം എന്നു പറയുന്നത് കമ്പ്യൂട്ടറിനെ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കോഴ്സ്—നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങൾ കൊടുക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സ്—ആ കോഴ്സിന്റെ ക്വാളിഫിക്കേഷൻ കൂടി എസ്സൻഷ്യൽ ക്വാളിഫിക്കേഷനായിട്ട് വച്ചാൽ ഇനി ഭാവിയിൽ വരുന്ന അദ്ധ്യാപകർ കമ്പ്യൂട്ടറിൽ പരിജ്ഞാനമുള്ളവരാകും. നിലവിലുള്ള അദ്ധ്യാപകർക്ക് കൂടുതൽ പരിശീലനം കൊടുക്കുകയാണ് നല്ലത്.

മി. സ്പീക്കർ: നിങ്ങൾക്കറിയാം എല്ലാ ദിവസവും എല്ലാ ആളുകൾക്കും ആദ്യത്തെ ചോദ്യത്തിൽ കൊടുക്കാൻ കഴിയില്ല. അതിൽ ചില ആളുകൾക്ക് അതൃപ്തിയുണ്ട്. നിങ്ങൾ സഹകരിക്കണം. മുൻനിരയിൽ ഇരിക്കുന്ന ആളുകൾ
9.30 A.M.] പിൻനിരക്കാരുടെ കമന്റൊക്കെ കേട്ടു. ഞാൻ നിസ്സഹായനാണ്. നേതാക്കൾ കൈപൊക്കുമ്പോൾ അവരെ വിളിക്കാതിരിക്കാൻ പറ്റില്ല. അതുകൊണ്ട് നിങ്ങൾ തന്നെ, ഓരോരോ പാർട്ടിക്കാരും ഇതിന് എങ്ങനെ പരിഹാരം കാണാൻ പറ്റും എന്നുള്ളത് തീരുമാനിക്കണം. ചെയർ ആരെയും അവഗണിച്ചു എന്ന് പറയരുത്. പരമാവധി ആളുകൾക്ക് ചോദ്യത്തിന് അവസരം കൊടുക്കയെന്നുള്ളതാണ് ചെയറിന്റെ നയം. അത് പരമാവധി കൊടുത്തിട്ടുണ്ട് എന്നാണ് വിശ്വാസം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly